കോഴിക്കോട് മെൻറൽ ഇൻസ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

136 [1316] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെൻറൽ ഇൻസ്റിറ്റ്യൂട്ടിന് 1995-96 വർഷം എന്ത് തുക അനുവദിച്ചു;

(ബി) ആവശ്യമായ ഫണ്ട് നൽകാത്തതുമൂലം ഇൻസ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇൻസ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടി ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ രോഗികൾക്ക് ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റുകളും പാകം ചെയ്യാൻവേണ്ട പാത്രങ്ങളും ഇല്ലെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രിയിലേക്ക് ആവശ്യമായ പ്ലേറ്റുകളും പാത്രങ്ങളും വാങ്ങിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) പ്രസ്തുത മാനസികാരോഗ്യ കേന്ദ്രത്തിൽ എത്തെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്;

(ജി) ഈ തസ്തികകൾ നികത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(എച്ച്) ഇല്ലെങ്കിൽ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 3 ലക്ഷം രൂപ.

(ബി) ഇല്ല.

(സി) ഇൻസ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിന് വേണ്ടി ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്കിയാട്രിസ്റ്റ്, സോഷ്യൽ വർക്കർ, ഡയറക്ടർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്നീ തസ്തികയിലുള്ള ഒഴിവുകൾ നികത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ ഗവൺമെൻറിന്റെ പരിഗണനയിലാണ്.

(ഡി) ഉണ്ട്.

(ഇ) ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പ്രസ്തുത കേന്ദ്രത്തിൽ താഴെപറയുന്ന തസ്തികകളും ഇപ്പോൾ ഒഴിഞ്ഞു കിടക്കുകയാണ്.

സിവിൽ സർജൻ	..	1
നഴ്സിംഗ് അസിസ്റ്റന്റ്	..	13
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1	..	2
ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2	..	6
ഡോബി	..	1
ടെയിലർ	..	1

(ജി, എച്ച്) കോഴിക്കോട് ജില്ലയിലെ ആരോഗ്യ വകുപ്പിലെ പാർട്ട്ടൈം തസ്തികയിലേക്ക് ഉള്ള നിയമനം നടത്തുന്നതിനെതിരെ കേസ് നിലവിലുള്ളതിനാൽ 1992 മുതൽ ഏതാണ്ട് 3 വർഷമായി പ്രസ്തുത തസ്തികകളിലേക്ക് നിയമനം നടത്തുന്നില്ല. മേൽ തസ്തികയിലേക്കുള്ള നിയമനത്തിനു തടസ്സം താൽക്കാലികമായി നീക്കിയതിനാൽ പാർട്ട്-ടൈം തസ്തികയിലേക്കുള്ള നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തി ഒഴിവുള്ള ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1, ഗ്രേഡ് 2, നഴ്സിംഗ് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ പടിപടിയായി ഉദ്യോഗക്കയറ്റം നൽകി ഒഴിവുള്ള തസ്തികകളും നികത്തുന്നതാണ്. ഡോബി, ടെയ്ലർ എന്നീ ഒഴിവുള്ള തസ്തികകളും യഥാക്രമം പി. എസ്. സി.-യേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കാൻ നടപടി

137 [1317] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവിടെ ലിഫ്റ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) കോഴിക്കോട് ജില്ലാ ആയുർവേദ ആശുപത്രിയിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനു ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ ബോയ്സ് ഹോസ്റ്റലിനു പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി

138 [1318] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഹോമിയോ മെഡിക്കൽ കോളേജിൽ ബോയ്സ് ഹോസ്റ്റലിനു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനു എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly